**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**നടപടിക്രമം**

---

വിഷയം:-

ആവഡ-ജീവനക്കാര്യം- സ്പെഷ്യാലിറ്റികേഡർ- **01.06.2021** മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ. ജാസ്മിൻ എ.-യെ സർവീസിൽ പുനഃ പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.** സ.ഉ നം.**2863/2024/H&FWD** തിയതി **26/11/2024**

**2. 05/12/2024, 07/12/2024** എന്നീ തിയതികളിലെ ആ.വ ഡ/**10152/2024** ഇസി3 നമ്പർ കുറിപ്പ്/റിമാർക്സ്

**ഉത്തരവ് നം: DHS/27685/2024-EB3 തീയതി:** **09-12-2024**

---

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടൻറ് (ഗൈനക്കോളജി) തസ്തികയിൽ സേവനമനുഷ്ഠിക്കവെ **01.06.2021** മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ. ജാസ്മിൻ എ. (പെൻ: **573342**) -ക്ക്, ടിയാൾ **10** വർഷമോ സർവീസിൽ നിന്നും അടുത്തൂൺ പറ്റുന്നതോ, ഇതിലേതാണോ ആദ്യം, അതുവരെ സർക്കാരിനെ സേവിക്കാമെന്ന വ്യവസ്ഥയിൽ, **200** രൂപ മുദ്രപത്രത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ (ഈടാളനൻ **(surety)**) ജാമ്യത്തിൽ **25** ലക്ഷം രൂപയുടെ ബോണ്ട് സമർപ്പിക്കേണ്ടതാണെന്നും, ബോണ്ടിൽ ഒപ്പുവയ്ക്കുന്ന ഈടാളൻ **(Surety)** സർവ്വീസിൽ നിന്ന് വിരമിക്കാൻ കുറഞ്ഞത് **5** വർഷമെങ്കിലും സേവനം അവശേഷിക്കുന്ന സർക്കാർ ഉദ്യോഗസ്ഥനായിരിക്കണമെന്ന വ്യവസ്ഥയിലും, അച്ചടക്ക നടപടിക്കു

വിധേയമായും ടിയാളെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ നിയമനം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി സർക്കാർ പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൽട്ടന്റായ (ഗൈനക്കോളജി) ഡോ.സിജീഷ്. ടി-യെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലം മാറ്റാനും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. ഡോ. ജാസ്മിൻ.എ പുനപ്രവേശനത്തിനായി **16.09.2020** ലെ **G.O.(P) No. 55/2020/H&FWD** നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി സമർപ്പിച്ച അപേക്ഷയും നിശ്ചിത മാതൃകയിലുള്ള ബോണ്ടും **05.11.2024** ലെ **DHS/10152/2024-EC3** നമ്പർ കത്ത് മുഖേന സർക്കാരിലേക്ക് നൽകിയിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൽട്ടന്റായ (ഗൈനക്കോളജി) ഡോ.സിജീഷ്. ടി-യെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയും പ്രസ്തുത ഒഴിവിൽ ഡോ. ജാസ്മിൻ എ. (പെൻ: **573342**)-യെ കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ പുനഃപ്രവേശിപ്പിച്ചും ഉത്തരവാകുന്നു.

4. ഡോ. ജാസ്മിൻ എ, ഡോ.സിജീഷ്. ടി എന്നിവർ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതും ആർ.ടി.സി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്-സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 09-12-2024 13:18:45

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1. ഡോ. ജാസ്മിൻ എ,

ജൂനിയർ കൺസൾട്ടൻറ് (ഗൈനക്കോളജി),

**Hana Manzil Karadi, Thamarassery.P.O, Kozhikode**

2. ഡോ.സിജീഷ്. ടി,

ജൂനിയർ കൺസൾട്ടൻറ് (ഗൈനക്കോളജി),

താലൂക്ക് ആശുപത്രി,കുറ്റ്യാടി (കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന)

പകർപ്പ്:-

1. അക്കൗണ്ടൻ്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

2.ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം),കോഴിക്കോട്,കണ്ണൂർ

3.സൂപ്രണ്ട്,താലൂക്ക് ആശുപത്രി,ഇരിട്ടി

4.സൂപ്രണ്ട്,താലൂക്ക് ആശുപത്രി,കുറ്റ്യാടി,കുറ്റിപ്പുറം

5.സൂപ്രണ്ട്,ഇ.സി സെക്ഷൻ